# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2023/26

തിരുവനന്തപുരം
25.04.2023

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത തീരുമാനം പിൻവലിക്കുന്നത് സംബന്ധിച്ച്.

സൂചന : Office Order (CMD)No.405/2023(PS8/CW/NFA/Appukkuttan Pillai/09/2020)/195/236Thiruvananthapuram, Dated 16.3.2023

സുരക്ഷയുടെ പേരിൽ ആലപ്പുഴ ചരുംമൂട് സെക്ഷനിൽ ജോലി ചെയ്തിരുന്ന 2 ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള CMD യുടെ ഓഫീസ് ഉത്തരവ് 16.3.2023 ൽ പുറത്തിറക്കിയിരുന്നു (സൂചന) ഒരു ശിക്ഷ നൽകിയ ജീവനക്കാർക്ക് വീണ്ടുമൊരു ശിക്ഷ സാമാന്യ നീതിയ്ക്ക് വിരുദ്ധവും തൊഴിൽ നിയമങ്ങൾക്കെതിരുമാണ്. അച്ചടക്ക നടപടിയധികാരിയുടെ ഉത്തരവിൽ പുറത്തുനിന്നുള്ള ഇടപെടൽ വന്നതും നിയമപരമല്ല. അപകടങ്ങൾ ഉണ്ടാകുന്നതിന്റെ പ്രധാന ഉത്തരവാദിത്തം ബോർഡ് തലത്തിൽ തന്നെയാണ്. ഒരു അച്ചടക്ക നടപടി സ്വീകരിക്കുമ്പോൾ അതുമായി ബന്ധപ്പെട്ട MDP, Standing order, Service Conduct Rule ഉൾപ്പടെയുള്ള എല്ലാ നിയമങ്ങളും പരിശോധിക്കേണ്ടതാണ്. ഇവിടെ അത് നടന്നിട്ടില്ലായെന്ന് മനസ്സിലാക്കുന്നു. 16.3.2023 ലെ സൂചന ഉത്തരവ് പുറത്തുവിട്ടതും മേൽ തീയതിക്ക് 10 ദിവസത്തിന് ശേഷമാണെന്നുള്ളതും ഇതിലെ ദുരൂഹത കൂട്ടുന്നു. Conductor കളൊന്നും പൂർണ്ണമായും മാറാൻ സാധിക്കാത്തതിനാൽ താല്കാലിക സമാധാനത്തിനുവേണ്ടി spacer വലിയ തോതിൽ ലൈനുകളിൽ ഘടിപ്പിച്ചിരിക്കുന്നുവെന്നതും ഒരു നഗ്ന സത്യമാണല്ലോ. സുരക്ഷാ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിലുണ്ടായ അപാകതയുടെ പേരിൽ KSEBL ൽ ആരെയും പിരിച്ചുവിട്ടതായി അറിവില്ല. ട്രേഡ് യൂണിയൻ അവകാശം ഇല്ലാത്ത

ഓഫീസർമാർ ബോർഡ് യോഗം നടക്കുന്ന മുറിയിൽ അതിക്രമിച്ചു കയറിയത് ഒരു മേജർ കുറ്റകൃത്യം ആണെന്നിരിക്കെ അവരെപ്പോലും താക്കീത് നൽകി വിട്ടയച്ച KSEB, ഇന്ത്യൻ പ്രസിഡന്റ് തിരുവനന്തപുരത്ത് വന്ന ദിവസം കറുത്തകൊടി കൊണ്ട് വൈദ്യുതിഭവന് മുന്നിൽ പ്രതിഷേധം നടത്തിയ ഓഫീസർമാരെ വരെ സംരക്ഷിച്ച KSEB, വാഹന ദുരുപയോഗം ചെയ്തതുവഴി KSEB ക്കുണ്ടായ 25 ലക്ഷം രൂപ നഷ്ടം 6 ലക്ഷമായി കുറച്ച്, തുക പോലും ഈടാക്കാതെ പിഴ ഈടാക്കാനുള്ള ഉത്തരവ് റദ്ദ് ചെയ്ത് ഓഫീസർ സംഘടനാ നേതാവിനെ സംരക്ഷിച്ച KSEB കേവലം നിസ്സാരകാര്യത്തിന്റെ പേരിൽ 2 കുടുംബങ്ങളോട് കാട്ടിയത് ക്രൂരമായി പോയി എന്ന കാര്യത്തിൽ 2 അഭിപ്രായം കാണില്ല. പൊതു സമൂഹത്തിലും ജീവനക്കാർക്കിടയിലും അവരോട് സഹതാപമാണുള്ളത്. അവരുടെ ഭാഗത്തുനിന്നും എന്ത് വീഴ്ച ഉണ്ടായാലും അത് കേട്ടിടത്തോളം ഒരു മേജർ കുറ്റകൃത്യം അല്ല. ജോലിയിൽ നിന്നും നീക്കം ചെയ്യലിന്റെ വകുപ്പിൽപ്പെടുന്ന കാര്യവുമല്ല. ആയതിനാൽ മേൽ 2 പേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കെ.പി.ധനപാലൻ Ex.MP
പ്രസിഡന്റ്

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്

വി.സുധീർ കുമാർ
ജനറൽ സെക്രട്ടറി